File No.DWCD/1174/2022-ICDSA8

"ഭരണഭാഷ മാതൃഭാഷ"

Break the chain

വനിത ശിശു വികസന
ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി :16/04/2022
ഇ-മെയിൽ:
directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ് - പട്ടിക വർഗ്ഗ മേഖലയിലെ അങ്കണവാടി കെട്ടിട നിർമ്മാണം - പ്രൊപ്പോസൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്തെ പട്ടിക വർഗ്ഗ മേഖലകളിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. ആകയാൽ താങ്കളുടെ ജില്ലയിൽ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള പട്ടിക വർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി പ്രോപ്പോസലുകൾ സിഡിപിഒ മാരിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്. സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം സാധ്യമാകാത്ത പട്ടിക വർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് 25 ലക്ഷം രൂപയിൽ നിജപ്പെടുത്തി LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ പ്രൈസ് സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റും പ്ലാനും സഹിതം പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. ലഭ്യമായ സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന സിഡിപിഒ യുടെ സാക്ഷ്യപത്രവും പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ഫോ വനിത ശിശു വികസന ഡയറക്ടർ